സൂറഃ-7

# അൽ അഅ്റാഫ്

142. മൂസാക്ക് നാം മുപ്പത് രാവ് സീനാമലയിൽ തപസ്സ് നിശ്ചയിച്ചു. പിന്നെ പത്തുകൂടി ചേർത്ത് അത് പൂരിപ്പിച്ചു. അങ്ങനെ നാഥൻ നിശ്ചയിച്ച കാലം നാൽപതു രാവു തികഞ്ഞു. മൂസാ സ്വസഹോദരൻ ഹാറൂനിനോട് അഭ്യർഥിച്ചു: അങ്ങ് ജനത്തിൽ എന്റെ പ്രതിനിധിയായിരിക്കണം. നല്ലതു പ്രവർത്തിക്കണം. നാശകാരികളുടെ വഴിയെ പോകരുത്.

143. മൂസാ നിശ്ചിത സമയത്ത് വന്നെത്തുകയും തന്റെ നാഥൻ അദ്ദേഹത്തോട് സംസാരിക്കുകയും ചെയ്തപ്പോൾ അദ്ദേഹം അപേക്ഷിച്ചു: എന്റെ നാഥാ, എനിക്ക് ദർശനമരുളിയാലും. ഞാൻ നിന്നെയൊന്നു കണ്ടുകൊള്ളട്ടെ. നാഥൻ അരുൾചെയ്തു: നിനക്ക് എന്നെ കാണാനാവില്ല. എങ്കിലും നീ ആ മലയിലേക്ക് നോക്കുക. അതു തൽസ്ഥാനത്ത് നിലകൊള്ളുന്നുവെങ്കിൽ നിനക്കെന്നെ കാണാനായേക്കാം. നാഥൻ ആ മലയിൽ പ്രഭാവിതനായപ്പോൾ ആ പ്രഭാവം മലയെ ഛിന്നഭിന്നമാക്കി. മൂസാ ബോധംകെട്ട് വീണുപോയി. ബോധം തെളിഞ്ഞപ്പോൾ മൂസാ കേണപേക്ഷിച്ചു: നാഥാ, നീ എത്ര പരിശുദ്ധൻ! ഞാൻ നിന്നോട് പശ്ചാത്തപിച്ച് മാപ്പുതേടുന്നു. വിശ്വാസികളിൽ ഒന്നാമനാകുന്നു ഞാൻ.

۞ وَوَٰعَدْنَا مُوسَىٰ ثَلَٰثِينَ لَيْلَةً وَأَتْمَمْنَٰهَا بِعَشْرٍ فَتَمَّ مِيقَٰتُ رَبِّهِۦٓ
أَرْبَعِينَ لَيْلَةً ۚ وَقَالَ مُوسَىٰ لِأَخِيهِ هَٰرُونَ ٱخْلُفْنِى فِى قَوْمِى وَأَصْلِحْ وَلَا
تَتَّبِعْ سَبِيلَ ٱلْمُفْسِدِينَ ﴿١٤٢﴾

وَلَمَّا جَآءَ مُوسَىٰ لِمِيقَٰتِنَا وَكَلَّمَهُۥ رَبُّهُۥ قَالَ رَبِّ أَرِنِىٓ
أَنظُرْ إِلَيْكَ ۚ قَالَ لَن تَرَىٰنِى وَلَٰكِنِ ٱنظُرْ إِلَى ٱلْجَبَلِ فَإِنِ ٱسْتَقَرَّ
مَكَانَهُۥ فَسَوْفَ تَرَىٰنِى ۚ فَلَمَّا تَجَلَّىٰ رَبُّهُۥ لِلْجَبَلِ جَعَلَهُۥ دَكًّا وَخَرَّ
مُوسَىٰ صَعِقًا ۚ فَلَمَّآ أَفَاقَ قَالَ سُبْحَٰنَكَ تُبْتُ إِلَيْكَ وَأَنَا۠ أَوَّلُ
ٱلْمُؤْمِنِينَ ﴿١٤٣﴾

وَوَٰعَدْنَا مُوسَىٰ = മൂസാക്കു നാം (സീനാ മലയിൽ തപസ്സ്) നിശ്ചയിച്ചു ثَلَٰثِينَ لَيْلَةً = മുപ്പതു രാവ് وَأَتْمَمْنَٰهَا = നാം അത് പൂരിപ്പിച്ചു
بِعَشْرٍ = പത്ത് (കൂടി ചേർത്തു) കൊണ്ട് فَتَمَّ = അങ്ങനെ തികഞ്ഞു مِيقَٰتُ رَبِّهِۦٓ = അവന്റെ നാഥ(ൻ നിശ്ചയിച്ച)ന്റെ നിശ്ചിതകാലം
أَرْبَعِينَ = നാൽപത് لَيْلَةً = രാവ് وَقَالَ مُوسَىٰ = മൂസാ പറഞ്ഞു (അഭ്യർഥിച്ചു) لِأَخِيهِ هَٰرُونَ = സ്വ(തന്റെ) സഹോദരൻ ഹാറൂനിനോട്
ٱخْلُفْنِى = നീ എന്നെ പ്രതിനിധീകരിക്കണം فِى قَوْمِى = എന്റെ ജനത്തിൽ وَأَصْلِحْ = നീ നന്നാക്കുക (നല്ലതു പ്രവർത്തിക്കണം)
وَلَا تَتَّبِعْ = നീ പിൻപറ്ററുത് (പോകരുത്) سَبِيلَ = വഴി(യെ) ٱلْمُفْسِدِينَ = നാശകാരികളുടെ
وَلَمَّا جَآءَ مُوسَىٰ = മൂസാ വന്നെത്തിയപ്പോൾ (ത്തുകയും) لِمِيقَٰتِنَا = നമ്മുടെ നിശ്ചിത സമയത്ത്
وَكَلَّمَهُۥ رَبُّهُۥ = അദ്ദേഹത്തിന്റെ നാഥൻ അദ്ദേഹത്തോട് സംസാരിക്കുകയും (ചെയ്തപ്പോൾ)
قَالَ = (മൂസാ) പറഞ്ഞു, അപേക്ഷിച്ചു رَبِّ أَرِنِىٓ = എന്റെ നാഥാ എനിക്ക് ദർശനമരുളിയാലും
أَنظُرْ إِلَيْكَ = ഞാൻ നിന്നെ കണ്ടുകൊള്ളട്ടെ قَالَ = (നാഥൻ അരുൾചെയ്തു) പറഞ്ഞു
لَن تَرَىٰنِى = നീ(നിനക്ക്) ഒരിക്കലും എന്നെ കാണു(ണാനാവു)കയില്ല وَلَٰكِنِ = എങ്കിലും ٱنظُرْ = നീ നോക്കുക
إِلَى ٱلْجَبَلِ = (ആ) മലയിലേക്ക് فَإِنِ ٱسْتَقَرَّ = അതു നിലകൊള്ളുന്നുവെങ്കിൽ مَكَانَهُۥ = അതിന്റെ (തൽ) സ്ഥാനത്ത്
فَسَوْفَ تَرَىٰنِى = നീ എന്നെ കണ്ടേക്കാം (കാണാനായേക്കാം) فَلَمَّا تَجَلَّىٰ = ഉജ്വലിച്ചപ്പോൾ (പ്രഭാവിതനായപ്പോൾ)
رَبُّهُۥ = അവന്റെ നാഥൻ لِلْجَبَلِ = (ആ) മലയിൽ جَعَلَهُۥ = അവൻ അതിനെ ആക്കി دَكًّا = ഛിന്നഭിന്നമായത്, ഉടഞ്ഞുപൊടിയായത്
وَخَرَّ مُوسَىٰ = മൂസാ വീണു (പോയി) صَعِقًا = ബോധം കെട്ട് വീണവനായി فَلَمَّآ أَفَاقَ = (മൂസാ) ബോധം തെളിഞ്ഞപ്പോൾ

قَالَ = പറഞ്ഞു (കേണു) سُبْحَٰنَكَ = നീയെത്ര പരിശുദ്ധൻ!

تُبْتُ إِلَيْكَ = ഞാൻ നിന്നിലേക്ക് മടങ്ങി (നിന്നോടു പശ്ചാത്തപിച്ച് മാപ്പു തേടുന്നു) وَأَنَا۠ = ഞാൻ

أَوَّلُ ٱلْمُؤْمِنِينَ = വിശ്വാസികളിൽ ഒന്നാമനാകുന്നു

**142:** ഈജിപ്തിൽനിന്ന് ഓടിപ്പോന്ന് സീനായിലെത്തിയപ്പോൾ ഇസ്രാഈല്യർ ഖിബ്തി അടിമത്തത്തിൽനിന്ന് മോചിതരായ സ്വതന്ത്ര സമൂഹമായി. ഇപ്പോൾ ആ സമൂഹം ആത്മീയവും ഭൗതികവുമായ ജീവിതത്തിൽ പാലിക്കേണ്ട നിയമവ്യവസ്ഥ-ശരീഅത്ത്- ഏറ്റെടുക്കാനും നടപ്പിലാക്കാനും യോഗ്യരായിരിക്കുന്നു. ഈ ശരീഅത്ത് നൽകുന്നതിനായി അല്ലാഹു മൂസാ നബിയെ സീനാ മലയിലേക്ക് വിളിക്കുകയും നാൽപതു നാൾ അവിടെ തപസ്സനുഷ്ഠിക്കാൻ നിയോഗിക്കുകയും ചെയ്ത സംഭവമാണ് ഈ സൂക്തം പരാമർശിക്കുന്നത്.

കുടുംബവുമൊത്ത് മദ്‌യനിൽനിന്ന് ഈജിപ്തിലേക്കു സഞ്ചരിക്കുമ്പോൾ സീനായിലെ ത്വൂർ മലയിൽ വെച്ചായിരുന്നു മൂസാ(അ)ക്ക് ആദ്യ വെളിപാടും പ്രവാചകത്വനിയോഗവുമുണ്ടായത്. അനന്തരം അദ്ദേഹം ഈജിപ്തിൽ ചെന്ന് ഇസ്രാഈല്യരെയും ഖിബ്തികളെയും പ്രബോധനം ചെയ്തു. ഭരണകൂടവും വരേണ്യവർഗവും അദ്ദേഹത്തെ എതിർത്തു. ഇസ്രാഈല്യരിൽതന്നെ കുറച്ചാളുകളേ വേണ്ടവണ്ണം അംഗീകരിച്ചുള്ളൂ. രണ്ടുപതിറ്റാണ്ടിലേറെക്കാലത്തെ നിരന്തര പ്രവർത്തനത്തിലൂടെ ഇസ്രാഈല്യരിൽ സത്യവിശ്വാസവും സ്വാതന്ത്ര്യവാഞ്ഛയും അതിനുവേണ്ടി സമരം ചെയ്യാനുള്ള സന്നദ്ധതയും സൃഷ്ടിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. വിശ്വാസോചിതമായി ദൈവിക ശരീഅത്ത് അനുസരിച്ച് ജീവിക്കുക ഈജിപ്തിൽ അവർക്ക് അസാധ്യമായിരുന്നു. അതുകൊണ്ട് അവർക്കവിടെ അല്ലാഹു ശരീഅത്ത് നിയമങ്ങളൊന്നും നൽകിയിരുന്നില്ല. മുഹമ്മദ് നബി(സ)യുടെ മക്കാ കാലഘട്ടം പോലെയായിരുന്നു മൂസാ(അ)യുടെ മിസ്രയീം കാലഘട്ടം. പ്രവാചകൻ മദീനയിലെത്തി സ്വതന്ത്ര ഇസ്‌ലാമിക സമൂഹം സ്ഥാപിച്ചപ്പോഴാണല്ലോ പ്രായോഗിക ജീവിതത്തിന്റെ നാനാതുറകളെ സ്പർശിക്കുന്ന ശരീഅത്ത് നിയമങ്ങളവതരിച്ചു തുടങ്ങിയത്. അതുപോലെ ഇസ്രാഈല്യർക്ക് ശരീഅത്ത് ലഭിച്ചത് അവർ സീനായിൽ ഒരു സ്വതന്ത്ര സമൂഹമായപ്പോഴാണ്.

ദൈവിക ശരീഅത്ത് ഏറ്റെടുക്കുകയും നടപ്പിലാക്കുകയും ചെയ്യുകയെന്നത് മഹത്തരവും ഗുരുതരവുമായ സംഗതിയാണ്. പ്രവാചകനും സമൂഹവും അതിനു പ്രത്യേകം സജ്ജരാകേണ്ടതുണ്ട്. അതിനാൽ ശരീഅത്ത് ഏൽപിച്ചുകൊടുക്കുന്നതിനുമുമ്പ് മൂസാ നബിയെ ആത്മീയമായി ഒരുക്കിയെടുക്കാൻ അല്ലാഹു അദ്ദേഹത്തിന് സീനാമലയിൽ നാൽപതു നാളത്തെ തപസ്സ് നിശ്ചയിച്ചു. ഈ തപസ്സിന്റെ സ്വഭാവമെന്തായിരുന്നുവെന്ന് കൃത്യമായി ഖുർആൻ പറയുന്നില്ല. وَوَٰعَدْنَا مُوسَىٰ (മൂസായെ നാം നിയോഗിച്ചു) എന്നേ പറയുന്നുള്ളൂ. وٰعد- എന്ന ക്രിയയുടെ ഉത്തമപുരുഷ രൂപമാണ് وَٰعَدْنَا. പരസ്പരം വാഗ്ദാനം ചെയ്തു എന്നും നിയോഗിച്ചു, ഏർപ്പെടുത്തി എന്നും وٰعد-ക്ക് അർഥമുണ്ട്. രണ്ടാമത്തെ അർഥമാണ് ഈ സന്ദർഭവുമായി കൂടുതൽ യോജിക്കുക. لَيْلَةً-യുടെ അർഥം രാവ് എന്നാണെങ്കിലും ദിവസം എന്ന അർഥത്തിലും ഇത് സാധാരണയായി ഉപയോഗിക്കാറുണ്ട്. يوم (പകൽ) എന്ന് ഉപയോഗിക്കുന്നതുപോലെത്തന്നെ.

നിശ്ചിത കാലത്ത് വ്രതമനുഷ്ഠിച്ചും അല്ലാഹുവിനെ ധ്യാനിച്ചും പ്രകീർത്തനം ചെയ്തും കഴിച്ചുകൂട്ടാനായിരുന്നു നിയോഗമെന്ന് പൊതുവിൽ മനസ്സിലാക്കാം. അന്നദ്ദേഹം രാവും പകലും വ്രതമനുഷ്ഠിക്കുമായിരുന്നു എന്ന് അത്ര പ്രബലമല്ലാത്ത ചില നിവേദനങ്ങളിൽ കാണുന്നുണ്ട്.

ആദ്യം മുപ്പതു ദിവസത്തെ തപസ്സ് കൽപിക്കുകയും പിന്നീട് പത്തു ദിവസം കൂടി ചേർത്ത് നാൽപതു ദിവസം തികക്കുകയും ചെയ്തു എന്നാണിവിടെ പറയുന്നത്. ഇതിന് വ്യത്യസ്തമായ പല വ്യാഖ്യാനങ്ങളുണ്ട്. ദുൽഖഅ്ദ് മുപ്പതും ദുൽഹിജ്ജയിലെ പത്തും ചേർത്ത് നാൽപതു ദിവസം എന്നാണ് ഒരു വിശദീകരണം. മൂസാനബിക്ക് തപസ്സ് ആരംഭിക്കാൻ അല്ലാഹു സമയം നിശ്ചയിച്ചിരുന്നു. നബി പക്ഷേ ആ സമയത്തിനു മുമ്പ് തന്നെ സീനാ മലയിലെ നിശ്ചിത സ്ഥലത്തെത്തി. ദൈവപ്രീതിയിലുള്ള അതിയായ ആഗ്രഹമായിരുന്നു അതിനദ്ദേഹത്തെ പ്രേരിപ്പിച്ചത്. പക്ഷേ, അല്ലാഹു ഈ ധൃതി ഇഷ്ടപ്പെട്ടില്ല. കൽപിച്ചതിനപ്പുറം പ്രവർത്തിച്ചതിനുള്ള പിഴയാണ് പിന്നീട് കൂട്ടിച്ചേർത്ത പത്തു ദിവസം. ഇതാണ് മറ്റൊരു വ്യാഖ്യാനം. *സൂറ ത്വാഹാ*യിലെ 83-85 സൂക്തങ്ങൾ ഇതിനു തെളിവായി ഉദ്ധരിക്കപ്പെടുന്നുണ്ട്:

۞وَمَآ أَعْجَلَكَ عَن قَوْمِكَ يَٰمُوسَىٰ ﴿٨٣﴾ قَالَ هُمْ أُو۟لَآءِ عَلَىٰٓ أَثَرِى وَعَجِلْتُ إِلَيْكَ رَبِّ لِتَرْضَىٰ ﴿٨٤﴾ قَالَ فَإِنَّا قَدْ فَتَنَّا قَوْمَكَ مِنۢ بَعْدِكَ وَأَضَلَّهُمُ ٱلسَّامِرِىُّ ﴿٨٥﴾

(അല്ലാഹു ചോദിച്ചു: സ്വജനത്തെ പിന്നിലാക്കി നീ ധൃതിപ്പെട്ടതെന്തിന്? മൂസാ ബോധിപ്പിച്ചു: അവരിതാ എന്റെ പിറകിൽ തന്നെയുണ്ട്. നിന്റെ പ്രീതിക്കുവേണ്ടിയാണ് ഞാൻ ധൃതിപ്പെട്ടത്. അല്ലാഹു പറഞ്ഞു: എങ്കിൽ നിന്റെ പിറകിൽ നിന്റെ ജനത്തെ നാം പരീക്ഷണത്തിലകപ്പെടുത്തിയിരിക്കുന്നു. സാമിരി അവരെ വഴിതെറ്റിച്ചുകളഞ്ഞു). എന്നാൽ ഇവിടെ മൂസാ(അ)യുടെ ധൃതിക്ക് അല്ലാഹു ശിക്ഷ വിധിച്ചതായി പറയുന്നില്ല. വല്ല ശിക്ഷയും ചുമത്തിയെങ്കിൽ തന്നെ അത് സാമിരി ഇസ്രാഈല്യരെ വഴിതെറ്റിച്ചു എന്നതായിരുന്നുവെന്നാണ് മനസ്സിലാകുന്നത്.

ആദ്യം കൽപിച്ച 30 ദിവസം രാപ്പകൽ വ്രതമെടുത്ത മൂസാ(അ)യുടെ വായിന് ദുർഗന്ധമുണ്ടായി. ഈ ദുർഗന്ധവുമായി അല്ലാഹുവിനെ അഭിമുഖീകരിക്കാൻ മടിച്ച് അദ്ദേഹം കാട്ടിലകളെടുത്ത് പല്ലുതേച്ച് വായ് ശുദ്ധീകരിച്ചു. ഈ നടപടി അല്ലാഹുവിനിഷ്ടമായില്ല. പ്രവാചകൻ പരിപൂർണ വ്രതശുദ്ധിയോടെ തന്നെ സമീപിക്കുന്നതായിരുന്നു അവനിഷ്ടം. ദന്തധാവനം ചെയ്ത് വ്രതശുദ്ധി ഹനിച്ചതെന്തിന് എന്ന് അല്ലാഹു അദ്ദേഹത്തോട് ചോദിച്ചു. വായ്നാറ്റത്തോടെ നിന്റെ മുന്നിൽ വരാനുള്ള വിമ്മിട്ടമാണെന്ന് അദ്ദേഹം പറഞ്ഞു. നോമ്പുകാരന്റെ വായ്നാറ്റം എനിക്ക് കസ്തൂരിഗന്ധത്തേക്കാൾ ഇഷ്ടമാണെന്നായിരുന്നു അല്ലാഹുവിന്റെ മറുപടി. ഈ വ്രതലംഘനത്തിനുള്ള പിഴയായിട്ടാണ് പിന്നീട് തപസ്സ് പത്തുനാൾ കൂടി വർധിപ്പിച്ചത്. ഇങ്ങനെയാണ് വേറൊരു വ്യാഖ്യാനം. ഇതിൽ ആദ്യം പറഞ്ഞ വ്യാഖ്യാനങ്ങളാണ് കൂടുതൽ പ്രബലമായിതോന്നുന്നത്.

*സൂറ അൽ ബഖറ* 51-ാം സൂക്തത്തിൽ പറഞ്ഞിട്ടുള്ളത് 40 രാവ് തപസ്സിന് നിയോഗിച്ചു എന്നാണ്- وَإِذْ وَٰعَدْنَا مُوسَىٰٓ أَرْبَعِينَ لَيْلَةً (നാം മൂസായെ 40 രാവ് തപസ്സിന് നിയോഗിച്ചതോർക്കുക). മക്കീസൂറയായ *അൽ അഅ്റാഫ്* മദനീ സൂറയായ *അൽബഖറ*ക്ക് മുമ്പ് അവതരിച്ചതാണ്. ആദ്യം വിശദീകരിച്ചു പറഞ്ഞകാര്യം പിന്നീട് സംഗ്രഹിച്ചു പറഞ്ഞിരിക്കുകയാണ് *അൽ ബഖറ*യിൽ.

സമുദ്രനിരപ്പിൽനിന്ന് 7359 അടി ഉയരമുള്ള സീനാ മലയുടെ മുകളിലുള്ള ഒരു ഗുഹയിലായിരുന്നു മൂസാ(അ) തപസ്സിരുന്നതെന്ന് കരുതപ്പെടുന്നു. ഈ ഗുഹ ഇന്നൊരു ടൂറിസ്റ്റ് കേന്ദ്ര

മാണ്. സമീപത്ത് ഒരു മുസ്‌ലിം പള്ളിയും ക്രിസ്ത്യൻ പള്ളിയുമുണ്ട്. ജസ്റ്റീനിയൻ എന്ന റോമൻ ചക്രവർത്തിയുടെ കാലത്ത് സ്ഥാപിതമായ ഒരു മഠവും ഇതിനടുത്തുണ്ട്. പർവതത്തിന്റെ മുകൾഭാഗം മിക്കപ്പോഴും മേഘാവൃതമായിരിക്കും.

മൂസാ(അ) തപസ്സിനു പോകുമ്പോൾ സീനാ താഴ്‌വരയിലെ വാദിശ്ശെഖ് എന്ന സ്ഥലത്താണ് ഇസ്രാഈല്യർ താവളമടിച്ചിരുന്നത്. ഇവിടെ ഇസ്രാഈല്യർ പാർത്ത മൈതാനം വാദിർറാഹ എന്നറിയപ്പെടുന്നു. ദൈവശിക്ഷയെ തുടർന്ന് സമൂദ് ജനതയുടെ ദേശം വിട്ടുപോന്ന, സ്വാലിഹ് നബിയും സംഘവും കുടിയേറിയത് ഇതിനടുത്തുള്ള ഒരു കുന്നിൻപ്രദേശത്താണെന്ന് പറയപ്പെടുന്നുണ്ട്. ഈ താഴ്‌വരയിലുള്ള ജബലുഹാറൂൻ എന്ന കുന്നിലാണത്രെ, ഇസ്രാഈല്യരുടെ പശുപൂജയിൽ വ്യഥിതനായ ഹാറൂൻ നബി(അ) ചെന്ന് ഇരിപ്പുറപ്പിച്ചത്.

മൂസാ(അ) സീനാ മലയിലേക്ക് തപസ്സിനു പോകുമ്പോൾ ഇസ്രാഈല്യരെ നയിക്കാൻ സഹോദരൻ ഹാറൂനെ ചുമതലപ്പെടുത്തി. ഹാറൂനെയും ഹൂർ എന്ന മറ്റൊരാളെയും ചുമതലപ്പെടുത്തി എന്നാണ് ബൈബിളിലുള്ളത്. തന്റെ പ്രതിനിധിയായി സമൂഹത്തിൽ സംസ്കരണ പ്രവർത്തനങ്ങൾ നടത്തണമെന്നും സമുദായത്തെ അനാശാസ്യ നടപടികളിലേക്ക് നയിക്കാൻ ശ്രമിക്കുന്നവർക്ക് വഴങ്ങരുതെന്നും അവരോട് പ്രത്യേകം നിർദേശിച്ചിരുന്നു. ഹാറൂൻ നബി(അ) പ്രായം കൊണ്ട് മൂസായേക്കാൾ മൂന്നുവയസ്സ് മൂത്തതാണെങ്കിലും മുഖ്യ പ്രവാചകൻ മൂസാ ആയിരുന്നു. മൂസാ(അ)യെ പ്രവാചകനായി നിയോഗിച്ചപ്പോൾ, തന്റെ സഹോദരൻ ഹാറൂനെ സഹായിയായി നിശ്ചയിച്ചുതരണമെന്ന് അദ്ദേഹം പ്രാർഥിച്ചതായും അല്ലാഹു ആ പ്രാർഥന സ്വീകരിച്ചതായും *സൂറഃ ത്വാഹ* 29-36 സൂക്തങ്ങളിൽ വിശദീകരിക്കുന്നുണ്ട്.

أَصْلِحْ- എന്ന വാക്കിന് നന്നാവുക എന്നും നല്ലതു പ്രവർത്തിക്കുക എന്നും സംസ്കരിക്കുക എന്നും അർഥമുണ്ട്. എന്റെ അഭാവത്തിൽ ജനം വഴിതെറ്റാനിടയാകാതെ നോക്കുകയും അവരെ നന്മയിലേക്ക് നയിക്കുകയും ചെയ്യണം എന്നാണിവിടെ ഉദ്ദേശ്യം. നേരത്തേ ഗോപൂജയിൽ താൽപര്യം പ്രകടിപ്പിച്ചവരും സമുദായത്തിലുണ്ടല്ലോ. തന്റെ അഭാവത്തിൽ അത്തരക്കാർ ഇനിയും ആ വഴിക്കു നീങ്ങാൻ ധൃഷ്ടരായിക്കൂടായ്കയില്ല. വല്ലവരും അത്തരം പ്രവണത പ്രകടിപ്പിച്ചാൽ അവരെ അതിനു സമ്മതിക്കരുതെന്നും ജനത്തെ അവരോടൊപ്പം പോകാനനുവദിക്കരുതെന്നുമാണ് وَلَا تَتَّبِعْ سَبِيلَ الْمُفْسِدِينَ (നീ നാശകാരികളെ പിൻപറ്റരുത്) എന്ന വാക്യത്തിന്റെ താൽപര്യം.

മൂസാ(അ)യുടെ പർവതവാസത്തെക്കുറിച്ച് ബൈബിൾ പറയുന്നതിങ്ങനെയാണ്: "കർത്താവ് മോശയോട് അരുൾ ചെയ്തു: മലമുകളിൽ എന്റെ അടുത്തേക്ക് വരൂ. അവിടെ കാത്തു നിൽക്കൂ. ഞാൻ പ്രമാണങ്ങളും കൽപനകളും രേഖപ്പെടുത്തിയ കൽപലകകൾ ജനങ്ങളെ പഠിപ്പിക്കാനായി നിനക്കുതരാം. അതനുസരിച്ച് മോശെയും സഹായിയായ യോശുവായും എഴുന്നേറ്റു. മോശെ ദൈവത്തിന്റെ പർവതത്തിലേക്ക് കയറിപ്പോയി. അയാൾ മൂപ്പന്മാരോടു പറഞ്ഞു. ഞങ്ങൾ മടങ്ങിവരുവോളം ഇവിടെ താമസിക്കൂ. ഇതാ അഹ്റോനും ഹൂറും നിങ്ങളോടൊപ്പമുണ്ട്. എന്തെങ്കിലും പ്രശ്നമുള്ളവർ അവരെ സമീപിക്കുക. പിന്നീട് മോശെ പർവതത്തിലേക്കു കയറിപ്പോയി. ഒരു മേഘം പർവതത്തെ മൂടുകയും ചെയ്തു. കർത്താവിന്റെ തേജസ് സിനായ് പർവതത്തിൽ വസിച്ചു. മേഘം ആറു ദിവസത്തേക്കു പർവതത്തെ പൊതിഞ്ഞു. ഏഴാം ദിവസം കർത്താവ് മേഘത്തിന്റെ ഇടയിൽനിന്ന് മോശയെ വിളിച്ചു. കർത്താവിന്റെ തേജസ് പർവതത്തിന്മേൽ എരിഞ്ഞുകത്തുന്നതുപോലെ ഇസ്രായേൽ ജനത്തിനു കാണപ്പെട്ടു. മോശെ ആ മേഘത്തിലേക്കു കടന്ന് പർവതത്തിലേക്കു പോയി. മോശെ നാൽപത് പകലും നാൽപതു രാവും ആ പർവതത്തിൽ ആയിരുന്നു" (പുറപ്പാട് 24: 12-18).

**143:** ميقات എന്നാൽ നിശ്ചയിക്കപ്പെട്ട സമയമാണ്. മൂസാ നബിക്ക് അല്ലാഹുവുമായി നേരിട്ട് സംവദിക്കാൻ നിശ്ചയിക്കപ്പെട്ട സമയമാണ് ഇവിടെ ഉദ്ദേശ്യം. നിശ്ചിത സമയം മൂസാ അല്ലാഹുവുമായി സംസാരിച്ചു. അദ്ദേഹത്തിനു വാഗ്ദാനം ചെയ്ത ശരീഅത്തും നൽകി. മൂസാ അല്ലാഹുവുമായി സംസാരിച്ചത് എങ്ങനെയായിരുന്നുവെന്നതു സംബന്ധിച്ച് ദൈവശാസ്ത്രകാരന്മാർക്കിടയിൽ പല ചർച്ചകളുമുണ്ട്. ഏതായാലും ഇത് മനുഷ്യർ തമ്മിലുള്ള അഭിമുഖ സംഭാഷണം പോലെയായിരുന്നിരിക്കില്ല. വെളിപാടിലൂടെയോ മറയ്ക്കു പിന്നിലായിട്ടോ അല്ലാതെ അല്ലാഹു സൃഷ്ടികളോട് സംസാരിക്കുകയില്ല എന്ന് ഖുർആൻ പ്രസ്താവിച്ചിട്ടുണ്ട് (42:51). മൂസാ(അ) അല്ലാഹുവിനെ ദർശിച്ചില്ല എന്ന് ഇവിടെയും പ്രസ്താവിച്ചിരിക്കുന്നു. സ്ഥലകാലാതിവർത്തിയായ അല്ലാഹുവിന്റെ സംസാരത്തിന്റെ സ്വഭാവം ഭൗതിക മനുഷ്യന്റെ ഗവേഷണത്തിനതീതമായ വിഷയമാണ്. അല്ലാഹുവിന്റെ സംസാരം നേരിട്ടു കേട്ടതായ അനുഭവം മൂസാ(അ)ക്ക് ഉണ്ടായി എന്നേ നാം മനസ്സിലാക്കേണ്ടതുള്ളൂ. അതെങ്ങനെയെന്നത് നമ്മെ സംബന്ധിച്ചേടത്തോളം അജ്ഞേയമാകുന്നു.

ശ്രവണേന്ദ്രിയത്തിലൂടെ അല്ലാഹുവിനെ അറിഞ്ഞ മൂസാ(അ) ദർശനേന്ദ്രിയത്തിലൂടെയും അവനെ അറിയാനാഗ്രഹിച്ചു. കേട്ടവനെ കാണാൻ കൊതിക്കുക സ്വാഭാവികമാണല്ലോ. മൂസാ നബി വളരെ ഭവ്യതയോടെ ആ കൊതിയറിയിക്കുകയാണ് رَبِّ أَرِنِي أَنظُرْ إِلَيْكَ (എന്റെ നാഥാ, എനിക്ക് ദർശനമരുളിയാലും, ഞാൻ നിന്നെയൊന്നു കണ്ടുകൊള്ളട്ടെ) എന്ന വാക്യത്തിലൂടെ മൂസായുടെ ആഗ്രഹം സ്വാഭാവികമായതുകൊണ്ടാവാം അല്ലാഹു അദ്ദേഹത്തെ അതിന്റെ പേരിൽ കുറ്റപ്പെടുത്തുന്നില്ല. പ്രത്യുത ആഗ്രഹം സഫലമാവുക അസാധ്യമാണെന്ന് അറിയിക്കുകയേ ചെയ്യുന്നുള്ളൂ. ശബ്ദം പോലെയല്ല കാഴ്ച. കാതു കൊണ്ടു മാത്രമേ ശബ്ദത്തെ അറിയാനാകൂ. അത് എവിടെനിന്ന് എങ്ങനെ വരുന്നുവെന്നോ എങ്ങോട്ടു പോകുന്നുവെന്നോ ശ്രോതാവ് അറിയുന്നില്ല. വെളിച്ചമുള്ള സ്ഥലത്ത് സ്ഥിതിചെയ്യുന്ന ജഡരൂപങ്ങളാണ് കാഴ്ചക്കു വിധേയമാകുന്നത്. കാണുന്ന വസ്തു അതിന്റെ സ്ഥാനത്തുനിന്നു മാറ്റപ്പെടുന്നതുവരെ കാണപ്പെട്ടുകൊണ്ടിരിക്കും. കാഴ്ചയില്ലാത്തവർക്ക് സ്പർശംകൊണ്ടും ഘ്രാണം കൊണ്ടും രസനേന്ദ്രിയം കൊണ്ടും കാണപ്പെടുന്ന വസ്തുക്കളെ അറിയാനാകും. ദൈവസത്ത ദർശനീയമാകണമെങ്കിൽ അതു ജഡരൂപം കൈക്കൊള്ളുകയും സ്ഥലകാലങ്ങളിൽ വർത്തിക്കുകയും വേണം. അല്ലാഹുവാകട്ടെ ഇതിനെല്ലാം അതീതനാംവണ്ണം പരിശുദ്ധനാണ്. അതിനാൽ ഭൗതികമനുഷ്യന്റെ മാംസദൃഷ്ടിക്ക് അവനെ പ്രാപിക്കാനാവില്ല.

അല്ലാഹു പ്രപഞ്ചത്തിന്റെ ചൈതന്യം-പ്രകാശം -ആകുന്നു- اللَّهُ نُورُ السَّمَاوَاتِ وَالْأَرْضِ (24:35). അനേകം പ്രകാശ പടലങ്ങളാൽ വലയം ചെയ്യപ്പെട്ടതാണാ പ്രകാശം. ഓരോ വലയത്തിനും അപ്പുറമുള്ള വലയം അതിനേക്കാൾ ഉജ്വലമായിരിക്കും. പ്രപഞ്ച സാകല്യത്തിന്റെ ശക്തി ചൈതന്യങ്ങളുടെ മൗലികമായ ഉറവിടമാണത്. ഭൗതിക സൃഷ്ടികൾക്കൊന്നും അതിനെ താങ്ങാനാവില്ല. മൂസാ(അ)യുടെ ആഗ്രഹത്തെ ദാക്ഷിണ്യപൂർവം കണക്കിലെടുത്ത് അല്ലാഹു ഈ യാഥാർഥ്യം അദ്ദേഹത്തിന് ബോധ്യപ്പെടുത്തിക്കൊടുത്തു. അവൻ മൂസായോട് പറഞ്ഞു: നിന്നേക്കാൾ എത്രയോ വലിപ്പവും കടുപ്പവുമുള്ള സൃഷ്ടിയാണാ മല. ഇതിനുപോലും ദൈവിക തേജസ് താങ്ങാൻ കഴിയില്ല. ഞാൻ ആ മലയിൽ പ്രത്യക്ഷനായാൽ അതുപോലും നിലനിൽക്കുകയില്ല. അഥവാ നിലനിൽക്കുന്നുവെങ്കിൽ നിനക്ക് എന്നെ ദർശിക്കാൻ സാധിച്ചേക്കും. തുടർന്ന് അല്ലാഹുവിന്റെ തേജസ് ആ മലയിൽ സന്നിഹിതമായി. അല്ലാഹു ആ മലയിൽ കയറിനിന്നു എന്നല്ല പറയുന്നതെന്നത് ശ്രദ്ധേയമാകുന്നു. تَجَلَّىٰ رَبُّهُ എന്നാണ് മൂലവാക്ക്. അവന്റെ നാഥൻ പ്രഭാവിതനായി, ഉജ്വലിച്ചു എന്നാണതിനർഥം. പ്രകാശം ഒറ്റയടിക്ക് പ്രത്യക്ഷപ്പെടുന്നതിനല്ല, കുറഞ്ഞതോതിൽ ആരംഭിച്ച് ക്രമാനുഗതമായി വളർന്ന് പൂർ

ണതയിലെത്തുന്നതിനാണ് تَجَلَّى എന്ന് പറയുക. ഒറ്റയടിക്ക് ഒന്നായി പ്രകാശിക്കുന്നതിന് جلاء എന്നാണ് പറയുക. ആ മലയിൽ ദൈവിക തേജസ് സമ്പൂർണമായി പ്രഭാസിച്ചിട്ടില്ല, പ്രഭാസിക്കാൻ തുടങ്ങിയതേയുള്ളൂ. ദൈവ തേജസ് ഒരു ചെറു വിരലോളം മാത്രമേ ആ മലയെ ഗ്രസിച്ചിരുന്നുള്ളൂ എന്ന് ഇബ്നു അബ്ബാസ് ഈ സൂക്തത്തെ വിശദീകരിച്ചുകൊണ്ട് പ്രസ്താവിച്ചതായി ഇബ്നു ജരീർ ഉദ്ധരിച്ചിട്ടുണ്ട്. അപ്പോഴേക്കും മല ഉടഞ്ഞ് തവിടുപൊടിയായി. അത് പൊടിഞ്ഞ് മണൽകൂന പോലെയായി, ഭൂമിയിൽ നിരപ്പായി, മണ്ണിൽ താണുപോയി എന്നൊക്കെ വിവിധ നിവേദനങ്ങളുണ്ട്.

മൂസാ(അ) വിഹ്വലനായി ബോധംകെട്ടുവീണു. ഉണർന്നപ്പോൾ അദ്ദേഹത്തിനു ബോധ്യമായി; ദൈവത്തിന്റെ തേജസ് പോലും താങ്ങാനുള്ള ശക്തി തന്റെ കണ്ണുകൾക്കില്ല. എന്നിരിക്കെ അവന്റെ സത്ത തനിക്കെങ്ങനെ കാണാൻ കഴിയും! അല്ലാഹുവിനെ നേരിൽ കാണണമെന്ന്  താൻ ആവശ്യപ്പെട്ടത് വലിയ അവിവേകമായിപ്പോയി. അദ്ദേഹം അല്ലാഹുവിനോട് കേണു: നാഥാ, എന്റെ മാംസദൃഷ്ടിക്ക് ദൃശ്യനാകുന്നതിൽനിന്ന് എത്രയോ അതീതനും പരിശുദ്ധനുമാകുന്നു നീയെന്ന് ഞാൻ അറിയുന്നു. നേരത്തേ ഉന്നയിച്ച ആവശ്യം ഞാൻ പിൻവലിക്കുകയും അങ്ങനെയൊരവിവേകം സംഭവിച്ചതിന് പശ്ചാത്തപിച്ച് നിന്നോട് മാപ്പിരക്കുകയും ചെയ്യുന്നു. നിന്റെ സത്ത ദൃഷ്ടിഗോചരമല്ലെന്ന് ഉറച്ചുവിശ്വസിക്കുകയും നിന്റെ ശാസനകൾ അനുസരിക്കുകയും ചെയ്യുന്നവരിൽ ഒന്നാമനാകുന്നു ഞാൻ.

ഈ സന്ദർഭത്തിൽ അല്ലാഹു മൂസാ(അ)ക്ക് ഇങ്ങനെയൊരനുഭവമൊരുക്കിയത് ഇസ്രാഈല്യരുടെ മനോവക്രത നേരെയാക്കാൻ കൂടിയായിരുന്നുവെന്ന് മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹി അഭിപ്രായപ്പെട്ടിരിക്കുന്നു. അല്ലാഹുവിനെ നേരിൽ കാണുക എന്നത് ഇസ്രാഈല്യർ അടിക്കടി ഉന്നയിച്ചിരുന്ന ഒരാവശ്യമായിരുന്നു. നിനക്ക് ദൈവത്തിന്റെ വെളിപാടുണ്ടായി, നീ ദൈവവുമായി സംസാരിച്ചു എന്നൊക്കെ പറഞ്ഞതുകൊണ്ടായില്ല നിന്റെ ആ ദൈവത്തെ ഞങ്ങൾക്കൊന്ന് കാണുക തന്നെ വേണം എന്നായിരുന്നു പലപ്പോഴും അവരുടെ നിലപാട്. മൂസാ(അ) പ്രത്യക്ഷപ്പെടുത്തിയ ദിവ്യാത്ഭുതങ്ങളോ അവർ നേരിട്ടനുഭവിച്ച ദൈവസഹായങ്ങളോ ഒന്നും അവരുടെ വിശ്വാസപരമായ ചാഞ്ചല്യം പൂർണമായി ദൂരീകരിച്ചിരുന്നില്ല. അതുകൊണ്ടാണല്ലോ ഗോപൂജകരെ കണ്ടപ്പോൾ അതുപോലെ ഒരാരാധനാമൂർത്തി തങ്ങൾക്കും വേണമെന്നാവശ്യപ്പെട്ടത്. ഇവിടെ ആദ്യഘട്ടത്തിൽതന്നെ അല്ലാഹു മൂസാനബിക്ക് വ്യക്തമാക്കിക്കൊടുക്കുകയാണ്: അല്ലാഹുവെന്നാൽ കണ്ണുകൊണ്ട് നോക്കികാണാവുന്നതോ കൈകൊണ്ട് തൊട്ടുനോക്കാവുന്നതോ ആയ ഒരസ്തിത്വമല്ല. അവനെ ബുദ്ധികൊണ്ട് മനസ്സിലാക്കാനും ഹൃദയം കൊണ്ട് വിശ്വസിക്കാനും മാത്രമേ കഴിയൂ. കണ്ണുകൊണ്ട് അവന്റെ ഗുണങ്ങളുടെയും ശക്തികളുടെയും ദൃഷ്ടാന്തങ്ങൾമാത്രം കാണാം. അതിലപ്പുറം അവന്റെ സത്തയെ പ്രാപിക്കാനാവില്ല. മൂസാ നബി ഇക്കാര്യങ്ങളെല്ലാം ഇസ്രാഈല്യർക്ക് ആവർത്തിച്ചു വിശദീകരിച്ചുകൊടുത്തുവെങ്കിലും അവരുടെ ശങ്ക പൂർണമായി നീങ്ങിപ്പോയിരുന്നില്ല എന്നാണ് *സൂറ അൽ ബഖറ*യിലും മറ്റും അതുസംബന്ധിച്ചുള്ള പ്രസ്താവനകളിൽനിന്ന് വ്യക്തമാകുന്നത്.

ദൈവദർശനം (مشاهدة ), ജ്ഞാനത്തിന്റെ പൂർണത (كمال المعرفة)യാണെന്ന് ചില സ്വൂഫികളും യോഗികളും അവകാശപ്പെട്ടിട്ടുണ്ട്. മനുഷ്യന് പ്രാപിക്കാവുന്നതിന്റെ പരമമായ അതിരിനും എത്രയോ അകലെയുള്ള തലമാണവർ സ്വന്തം ലക്ഷ്യമായി നിർണയിക്കുന്നത്. പൊങ്ങച്ചപ്രഘോഷണവും പ്രബന്ധങ്ങളുമല്ലാതെ അതുകൊണ്ട് ഒരു നേട്ടവുമില്ല. തേനീച്ച ഗരുഡനെ വേട്ടയാടാനിറങ്ങുന്നതുപോലെയാണ് മനുഷ്യനേത്രം കൊണ്ട് ദൈവത്തെ പ്രാപിക്കാൻ ശ്രമിക്കുന്നത്.

ഇസ്‌ലാമിക ദൈവശാസ്ത്രചിന്ത വികസിച്ചുവന്ന കാലത്ത് അതിന്റെ ഭാഗമായി, പരലോകത്തുവെച്ച് മനുഷ്യർക്ക് അല്ലാഹുവിനെ നേരിൽ കാണാനാകുമോ എന്നൊരു പ്രശ്നം ഉയർന്നുവരികയുണ്ടായി. അനേകം ഖുർആൻ സൂക്തങ്ങളും ഹദീസുകളും സൂചിപ്പിക്കുന്നത് സത്യവിശ്വാസികളായ സജ്ജനങ്ങൾക്കുള്ള മഹത്തായ പുരസ്കാരമെന്ന നിലയിൽ അല്ലാഹുവിന്റെ ദർശനം ലഭിക്കുമെന്നാണ്. ഇതുതന്നെയാണ് അഹ്ലുസ്സുന്നത്തിന്റെ നിലപാട്. മുഅ്തസിലഃ വിഭാഗം ഇതിനെ എതിർത്തു. അല്ലാഹു ഇഹത്തിലെന്നപോലെ പരത്തിലും സൃഷ്ടിയുടെ ദൃഷ്ടിക്കു ഗോചരീഭവിക്കുകയില്ലെന്നാണവരുടെ വാദം. സൃഷ്ടികളുടെ ഇന്ദ്രിയങ്ങൾക്കതീതനും പരിശുദ്ധനുമാണവൻ. ഇന്ദ്രിയഗോചരമായിത്തീരുക എന്നത്, ബഹുത്വത്തിന്റെ സകലവിധ ഛായകളിൽനിന്നും മുക്തമായ അല്ലാഹുവിന്റെ ഏകത്വത്തിനും വിശുദ്ധിക്കും നിരക്കുന്നതല്ല. പരലോകത്ത് ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന മനുഷ്യനെ ഭൗതികമനുഷ്യന്റെ സ്വഭാവത്തിലും പ്രകൃതിയിലും തന്നെ വിലയിരുത്തുന്നതിൽനിന്നും, പരലോകത്തെ ഭൗതികലോകത്തോട് സാദൃശ്യപ്പെടുത്തുന്നതിൽനിന്നുമാണ് ഈ വാദം ഉയർന്നുവരുന്നത്. പരലോകം എങ്ങനെയിരിക്കുമെന്നോ അവിടെ സൃഷ്ടികളും സ്രഷ്ടാവും സന്ധിക്കുന്നതെങ്ങനെയായിരിക്കുമെന്നോ നിർണയിക്കാൻ നമുക്കാവില്ല. ഇത്തരം കാര്യങ്ങളിൽ ഖുർആനും സുന്നത്തും പറയുന്നതെന്താണോ അത് വിശ്വസിക്കുക മാത്രമേ നിർവാഹമുള്ളൂ. അല്ലാഹുവിന്റെ പ്രീതി നേടിയ ദാസന്മാർ പരലോകത്ത് അല്ലാഹുവിനെ കാണുമെന്ന് ഖുർആൻ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്:

وُجُوهٌ يَوْمَئِذٍ نَّاضِرَةٌ ﴿٢٢﴾ إِلَىٰ رَبِّهَا نَاظِرَةٌ ﴿٢٣﴾

(അന്ന് ചില മുഖങ്ങൾ സന്തുഷ്ടങ്ങളാകുന്നു. അവയുടെ നാഥനെ കണ്ടുകൊണ്ടിരിക്കുന്നു) (75:22,23). ■